**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 989** **31-01-2024 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വാമനപുരം മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം, വിഷജീവികളുടെ ആക്രമണം എന്നിവ മൂലം മരണപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്ത എത്ര പേരുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വാമനപുരം മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം, വിഷജീവികളുടെ ആക്രമണം എന്നിവ മൂലം 5 പേർ മരണപ്പെട്ടിട്ടുണ്ട്, 79 പേർക്ക് പരിക്കേറ്റിട്ടുണ്ട്. |
| (ബി) | വന്യജീവികളുടെ ആക്രമണം മൂലം മരണപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്യുന്നവർക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നത്; വിശദമാക്കാമോ; | (ബി) | 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് പ്രകാരവും 05.04.2018-ലെ സ.ഉ. (കൈ) നം. 17/2018/വനം നമ്പർ ഉത്തരവ് പ്രകാരവുമാണ് നിലവിൽ വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്. വന്യജീവിയാക്രമണം മൂലം മരണപ്പെടുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റോ കടന്നൽ തേനീച്ച കുത്തേറ്റോ ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ചു വരുന്നു. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്ക് ഏൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും, മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാ ചെലവ് മുഴുവനും ലഭ്യമാകും. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽ വന്യജീവി ആക്രമണത്തിനുള്ള ധനസഹായം എത്ര പേർക്ക് നല്കിയെന്നും എത്ര രൂപ വിതരണം നടത്തിയെന്നും വിശദമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽ വന്യജീവി ആക്രമണത്താലുള്ള മരണം സംഭവിച്ചതിന് രണ്ട് അപേക്ഷകളിലായി 12 ലക്ഷം രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. വന്യജീവി ആക്രമണത്താൽ പരിക്ക് സംഭവിച്ചതിന് 26 |

| | | | |
|---|---|---|---|
| | | | അപേക്ഷകർക്കായി 3,56,697/- രൂപ നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ